## 677

സേവിക്കും ഞങ്ങൾ യഹോവയെ എന്നെന്നും
സേനയിൻ അധിപനാം നായകനെ സേവിക്കും ഞങ്ങൾ
യഹോവയെ എന്നെന്നും ജയത്തിൻവീരനാം യേശുവിനെ

1 നമ്മുടെ ദൈവം ജീവിക്കുന്നിന്നെന്നും
നാൾതോറും ഭാരങ്ങൾ പേറുന്നവൻ
ഉന്നതൻ നമ്മുടെ ബലവും ഗീതവും എന്നും നല്ലവൻ ഇമ്മാനുവേൽ-

2 നിൻതിരു ദയയാൽ അനുദിനം ഞങ്ങളെ
ഈ മരുവിൻ ചൂടിൽ പുലർത്തിയല്ലോ
ഭീതിയുമാധിയുമേറിയ ജീവിതം മോദമതാക്കി തീർത്തതിനാൽ-

3 പാരിതിൽ നാം പരദേശികൾ നമ്മൾ
പാർക്കുന്നു നിൻ കൃപയൊന്നതിനാൽ
തിരിഞ്ഞുനോക്കി സ്തുതികളുയർത്തി വന്നവഴികളെ ഓർക്കുക നാം-
**I.M**